## വ്യക്തിപരമായ വിശദീകരണം

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, പൊതുജീവിതത്തിൽ ഉയർത്തിപ്പിടിക്കേണ്ട ധാർമ്മികതയുടെ പേരിൽ മന്ത്രിസഭയിൽനിന്ന് ഞാൻ രാജിവച്ചിരിക്കുകയാണ്. വനം വകുപ്പുമന്ത്രിയെന്ന നിലയിൽ അഴിമതിക്കും വനം കയ്യേറ്റത്തിനുമെതിരെ ഞാൻ കൈക്കൊണ്ട വിട്ടുവീഴ്ചയില്ലാത്ത നില പാടുകളുടെ പേരിൽ എന്റെ രക്തത്തിനുവേണ്ടി ദാഹിച്ചവർ ഒത്തുചേർന്ന് നടത്തിയ ഗൂഢാലോചനയുടെ പരിണിതഫലമാണിത്. കെട്ടിച്ചമച്ചുണ്ടാക്കിയ അപവാദ കഥകൾ കേരളീയ സമൂഹം തള്ളിക്കളയുമെന്ന് ബോധ്യപ്പെട്ടപ്പോൾ ഗുരുതരമായ കുറ്റം ആരോപിച്ച് കള്ളക്കേസിൽ കുടുക്കി എന്നെ തകർക്കാൻ ശ്രമിക്കുകയായിരുന്നു. ഈ സാഹചര്യത്തിൽ നിഷ്പക്ഷവും സത്യസന്ധവു മായ അന്വേഷണത്തിലൂടെ എന്റെ നിരപരാധിത്വം തെളിയിക്കപ്പെടണ മെന്നാണ് എന്റെ ആഗ്രഹം. അങ്ങനെ ഒരന്വേഷണം നടക്കുമ്പോൾ ഞാൻ സംസ്ഥാനത്തെ ഒരു മന്ത്രിയായി തുടരുന്നത് നീതിപൂർവ്വമായ ഒരന്വേഷണ ത്തിന് തടസ്സമാകുമെന്ന് ഞാൻ വിശ്വസിക്കുകയും തടസ്സമാകരുതെന്ന് ആഗ്ര ഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടുമാത്രമാണ് മന്ത്രി പദവിയിൽനിന്ന് മാറി നിൽക്കുവാൻ ഞാൻ സ്വയം തീരുമാനിച്ചിരിക്കുന്നത്. സത്യസന്ധമായ അന്വേഷണത്തിലൂടെ എന്റെ നിരപരാധിത്വം തെളിയിക്കപ്പെടുമെന്നും ഈ സംഭവപരമ്പരയിലെ ഗൂഢാലോചനകളുടെ കറുത്ത ചിത്രം വെളിച്ചത്തുവരു മെന്നും ദൈവവിശ്വാസിയായ ഞാൻ ഉറച്ച് വിശ്വസിക്കുന്നു. അതുവരെ, സത്യത്തിനായി കാത്തിരിക്കുവാനും അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ

കരുത്തോടെ മുന്നോട്ടുകൊണ്ടുപോകാനുമുള്ള ദൃഢനിശ്ചയത്തോടെ ഞാൻ ഈ സഭയോടും നാടിനോടും ഒപ്പമുണ്ടാകും. മന്ത്രി എന്ന നിലയിലുള്ള എന്റെ പ്രവർത്തനങ്ങളിൽ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും എനിക്ക് ലഭിച്ച നിസ്തുലമായ സഹകരണവും പ്രോത്സാഹനവും നന്ദിപൂർവ്വം ഞാൻ സ്മരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറോടും ബഹുമാന പ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരോടും പ്രതിപക്ഷനേതാവിനോടും കക്ഷി നേതാക്കളോടും സഭയിലെ മുഴുവൻ അംഗങ്ങളോടും നിയമസഭയിലെ ജീവ നക്കാരോടും എന്റെ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുകയാണ്. അങ്ങ യോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. രാജി വച്ച സാഹചര്യത്തിൽ എനിക്ക് താൽക്കാലികമായി മറ്റൊരു ഇരിപ്പിടം അനുവദിക്കണം. ഈ കസേരയിൽ ഇരിക്കാൻ മാനസികമായി എനിക്ക് ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ: അങ്ങേയ്ക്ക് മറ്റൊരു ഇരിപ്പിടം സഭാ നേതാവുമായി ആലോചിച്ചതിനുശേഷം അനുവദിക്കുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)